**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1016** **09-10-2024 - ൽ മറുപടിയ്ക്ക്**

**റെഗുലേറ്ററിന്റെ നവീകരണ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ ഇടിയഞ്ചിറ റെഗുലേറ്ററിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി നിലവിലുണ്ടായിരുന്ന എല്ലാ ഷട്ടറുകളും അഴിച്ച് കൊണ്ട് പോയിട്ടുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ഷട്ടറുകളുടെ നവീകരണത്തിനായിട്ടാണ് മെക്കാനിക്കൽ വിഭാഗം ഷട്ടറുകൾ എടുത്തുകൊണ്ട് പോയിട്ടുള്ളത്. |
| (ബി) | പ്രസ്തുത ഷട്ടറുകൾ എന്നാണ് അഴിച്ച് കൊണ്ടു പോയതെന്നും എന്നത്തേക്ക് പുനസ്ഥാപിക്കാനാകുമെന്നും അറിയിക്കാമോ; | (ബി) | 2024 മാർച്ച് 4-ാം തീയതി ഷട്ടറുകൾ അഴിച്ചുകൊണ്ട് പോയിട്ടുണ്ട്. 2025 ആഗസ്റ്റ് 03 ന് മുമ്പായി ഷട്ടറുകൾ പുന:സ്ഥാപിക്കുന്നതാണ്. |
| (സി) | ഷട്ടറുകളില്ലാത്തതിനാൽ കടലിൽ നിന്നും കനാലിലേക്കും തുടർന്ന് പാടശേഖരങ്ങളിലേക്കും ഉപ്പുവെള്ളം കയറാനുള്ള സാധ്യതയുള്ളതിനാൽ കർഷകർ ആശങ്കയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. റെഗുലേറ്ററിന്റെ മുകൾ ഭാഗത്ത് ഉപ്പുവെള്ളം കയറാതിരിക്കുന്നതിനായി താൽക്കാലിക ചിറ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. |
| (ഡി) | പ്രസ്തുത റെഗുലേറ്ററിന്റെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ഡി) | മെക്കാനിക്കൽ പ്രവൃത്തികൾ 60% പൂർത്തീകരിച്ചിട്ടുണ്ട്. സിവിൽ പ്രവൃത്തികൾ നടന്നു വരികയാണ്. |
| (ഇ) | പ്രസ്തുത റെഗുലേറ്ററിന്റെ നവീകരണ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ? | (ഇ) | 2025 ആഗസ്റ്റ് 03 നകം പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ